*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :* CADA-യിൽ ഉൾക്കൊള്ളിക്കാമെന്ന് നേരത്തെ തീരുമാനിച്ചതാണെന്ന് രേഖകൾ പരിശോധിച്ചപ്പോൾ കാണുന്നില്ല. അങ്ങനെ ആണെങ്കിൽ നല്ല കാര്യമാണ്. പോസിറ്റീവായിട്ട് പ്രതികരിക്കും. കേന്ദ്രത്തിൽനിന്നും എനിക്ക് കിട്ടിയ കത്ത് ഇത് പരിശോധിക്കുന്നതാണെന്നുള്ള നിലയിലാണ്. റോഡുകളുടെ മെയിന്റനൻസിന്റെ കാര്യത്തിൽ നമ്മുടെ സാമ്പത്തികസ്ഥിതിയെക്കുറിച്ച് അങ്ങേക്കും നന്നായി അറിയാം. ഇതിനെക്കുറിച്ചൊക്കെ സംസാരിച്ചിട്ടുള്ളതാണ്. എന്നാലും റോഡുകളുടെ മെയിന്റനൻസ് ചെയ്യുന്നതിനുവേണ്ടി ഏത് പരിധിവരെ പോകാൻപറ്റും എന്നുള്ളതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

*ശ്രീ. സി. ടി. അഹമ്മദ് അലി :* ഈ സംസ്ഥാനത്തെ ഏറ്റവും അധികം ജല ദൗർലഭ്യമുള്ള ജില്ലയാണ് കാസർഗോഡ് ജില്ല. വർഷങ്ങളായി സർക്കാരിന്റെ പരിഗണനയിലുള്ള മൂന്നാംകടവ് പദ്ധതി ഏത് ഘട്ടത്തിലാണ്; അടിയന്തിരമായി ഇതിന്റെ ഇൻവെസ്റ്റിഗേഷൻ നടപടികൾ പൂർത്തിയാക്കി ലോകബാങ്കിന്റെ സഹായത്തോടുകൂടി പണി ആരംഭിക്കാൻ ആവശ്യമായ നടപടികൾ ഗവൺമെന്റ് സ്വീകരിക്കുമോ?

*ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :* പരിശോധിക്കുന്നതാണ്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

## (ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**പെട്രോൾ, ഡീസൽ വിലവർദ്ധനയും നികുതിഘടനയും**

*3 [271] *ശ്രീ. എൻ. രാജൻ:*

,, *എം. കുമാരൻ:*

,, *പി. നാരായണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വിറ്റർ പെട്രോളിനും ഡീസലിനും വിവിധ നികുതി ഇനങ്ങളിലായി എത്ര രൂപ വീതം ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നുണ്ട്;

(ബി) ഓരോ ഇനത്തിലും പ്രതിവർഷം എത്ര രൂപ വീതം നികുതി ഇനത്തിൽ ലഭിക്കുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) പെട്രോളിനും ഡീസലിനും വിലകൂട്ടിയതുമൂലമുണ്ടായ സാമ്പത്തികഭാരം കുറയ്ക്കുന്നതിന് നികുതിഘടനയിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദവിവരം വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ)* :

(എ) 21-6-2005 മുതൽ ഒരു ലിറ്റർ പെട്രോളിന് 9.50 രൂപയും ഡീസലിന് 6.14 രൂപയും വില്പനനികുതിയായി ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്നുണ്ട്.

(ബി) 2004-2005 സാമ്പത്തിക വർഷത്തിൽ ഡീസലിൽനിന്നും 816.18 കോടി രൂപയും പെട്രോളിൽനിന്ന് 521.48 കോടി രൂപയും നികുതിയിനത്തിൽ ലഭിച്ചു.

(സി) ഇക്കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല.

**മധുര-കോട്ടയം റെയിൽപ്പാത നിർമ്മാണം**

*4 [272] *ശ്രീ. തോമസ് ചാഴികാടൻ:*

,, *റോഷി അഗസ്റ്റിൻ:*

,, *കെ. നാരായണക്കുറുപ്പ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മധുര-കോട്ടയം റെയിൽപ്പാത നിർമ്മിക്കുന്നതു സംബന്ധിച്ചുള്ള പ്രാഥമിക സർവ്വേ പൂർത്തിയായിട്ടുണ്ടോ;

(ബി) ഈ റെയിൽപ്പാത ഏതെല്ലാം പ്രദേശങ്ങളിലൂടെയാണ് കടന്നു പോകുന്നതെന്ന് അറിയിക്കാമോ;

(സി) മധുര-കോട്ടയം റെയിൽപ്പാത നിർമ്മാണത്തിന് എത്രകോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നുണ്ട്;

(ഡി) ഈ പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി *(ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ)* :

(എ) ഇല്ല.

(ബി) തമിഴ്നാട്ടിലെ ബോഡിനായ്ക്കന്നൂർ, കേരളത്തിലെ തൊടുപുഴ, പാലാ, കിടങ്ങൂർ, കുമാരനെല്ലൂർ എന്നിവിടങ്ങൾവഴിയാണ് കടന്നുപോകാനുദ്ദേശിക്കുന്നത്.

(സി) പൂർണ്ണമായും കണക്കാക്കപ്പെട്ടിട്ടില്ല.

(ഡി) എത്രയും വേഗം ആരംഭിക്കണമെന്നാണ് ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly